# നിയമസഭയിൽ മാധ്യമങ്ങൾക്ക് അയിത്തമോ ?

രാംദാസ്. പി.എസ്

ടെലിവിഷൻ ചാനലുകൾ നിയമസഭാനടപടികൾ സംപ്രേഷണം ചെയ്യുമ്പോൾ ചില നിയന്ത്രണങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് നിയമസഭാസെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. സഭാനടപടികൾക്കിടക്ക് നടക്കുന്ന ബഹളവും വോക്കൗട്ടും സംപ്രേഷണം ചെയ്യരുതെന്നും, ആ സമയങ്ങളിൽ ക്യാമറക്കണ്ണുകൾ സ്പീക്കറെ ഫോക്കസ്സ് ചെയ്യണമെന്നുമാണ് നിർദ്ദേശങ്ങളിൽ പ്രധാനം. കൂടാതെ നയപ്രഖ്യാപനം, ബജറ്റവതരണം തുടങ്ങിയ സന്ദർഭങ്ങളിൽ യഥാക്രമം ഗവർണ്ണറേയും ധനകാര്യമന്ത്രിയെയും സഭയുടെ വിശാലദൃശ്യത്തേയും മാത്രമേ കാണിക്കാവൂ എന്ന കൂടി പ്രസ്തുത ഉത്തരവിൽ പറയുന്നു. മറ്റു സംസ്ഥാനങ്ങളിലൊന്നും സഭാനടപടികളുടെ തത്സമയ സംപ്രേഷണത്തിന് പറയത്തക്ക വിലക്കുകളൊന്നുമില്ലെന്നിരിക്കെ, കേരളത്തിൽ മാത്രം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനു പിന്നിലുള്ള വികാരം ദുരുദ്ദേശപരമാണെന്ന വാദമുണ്ട്. എന്നാൽ പാർലമെന്റിൽ ഇതിലധികം നിയന്ത്രണങ്ങളുണ്ടെന്നും കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിൽ വരികയും കൈരളി ചാനൽ നിലവിൽ വരികയും ചെയ്ത സന്ദർഭത്തിൽ മുൻഭരണസമിതി എടുത്ത തീരുമാനങ്ങൾ പിൻവലിക്കുക മാത്രമാണ് ചെയ്തതെന്നും സ്പീക്കർ വക്കം പുരുഷോത്തമൻ പറയുന്നു.

തങ്ങൾ വിശ്വാസമർപ്പിച്ചിട്ടുള്ള രാഷ്ട്രീയ നേതൃത്വം തങ്ങളെ എങ്ങനെ, എന്തുൾക്കൊണ്ടു ഭരിക്കുന്നു എന്ന് അറിയിക്കേണ്ടത് ഓരോ മാധ്യമപ്രവർത്തകന്റേയും ബാധ്യതയും. അതുകൊണ്ട് തന്നെ, നിയമസഭാസമാജികർ സഭയുടെ നടുത്തളങ്ങളിൽ പ്രകടിപ്പിക്കുന്ന സംസ്കാരമെന്തെന്ന് പൊതുജനങ്ങൾ മനസ്സിലാക്കേണ്ടത് ഭരണത്തിന്റെ സുതാര്യതക്ക് അത്യാവശ്യമാണ്.

തീർത്തും അപഹാസ്യരായി പെരുമാറിയ ചില നിയമസഭാസമാജികരെ ജനം തിരിച്ചറിഞ്ഞത് ടെലിവിഷൻ തത്സമയ സംപ്രേഷണം വഴിയാണ്. വാക്കേറ്റവും, കസേരയേറും, വനിതാ അംഗങ്ങളെ അപമാനിച്ച സംസാരിക്കലും മറ്റും സഭയിലെ സ്ഥിരം കലാപരിപാടികളിൽ പെടുന്നുണ്ടല്ലോ. ബജറ്റവതരണ വേളയിൽ, ഉറക്കം തൂങ്ങുന്നവരേയും, നയപ്രഖ്യാവനവേളയിൽ സഭാനടപടികൾ അലങ്കോലപ്പെടുത്തുന്നവരേയും ജനം ദർശിച്ചത് ടെലിവിഷനിലൂടെയാണല്ലോ. മറ്റു സംസ്ഥാനങ്ങളിൽ ഇത്തരമൊരു നിയന്ത്രണം അത്യാവശ്യമാകുന്നതെങ്ങിനെയാണ്? പാർലമെന്റിൽ ഇതിൽക്കൂടുതൽ നിയന്ത്രണങ്ങളുണ്ട് എന്ന വാദം ഈ ഉത്തരവിനെ ന്യായീകരിക്കുന്നില്ല.

സഭാനടപടികളുടെ തത്സമയ സംപ്രേഷണം കൊണ്ട് ഭരണനിർവ്വഹണത്തിന് എന്തെങ്കിലും പ്രയാസം നേരിടുന്നതായി കേട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ, പുറത്തിറക്കിയ ഉത്തരവിനോടൊപ്പം ആ പ്രയാസങ്ങൾ കൂടി വെളിപ്പെടുത്തേണ്ടത് സെക്രട്ടറിയുടേയും സ്പീക്കറുടേയും കടമയാണ്. ഇതിനുമുമ്പ് പലതവണ വിമർശന വിധേയമാക്കിയിട്ടുള്ളതാണെങ്കിൽ കൂടിയും, മുഖ്യമന്ത്രി അവലംബിക്കുന്ന കുറ്റകരമായ മൗനം ഈ അവസരത്തിൽ ഗൗരവമേറിയതാണ്.

## കേരളീയം പ്രചരണമാസം

അടുത്ത മൂന്നുമാസം കേരളീയം പ്രചരണ മാസമാണ്. ഈ മാസങ്ങളിൽ ഏറ്റവും കൂടിയ വരിക്കാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കേരളീയത്തിൽ നിന്നും സർക്കുലേഷൻ എക്സിക്യൂട്ടീവുകൾ വിവിധ മേഖലയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളീയം വായനക്കാർ സഹകരിക്കുമല്ലോ.

*സർക്കുലേഷൻ മാനേജർ*